# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

**ജി.എച്ച്.എസ്. വാളവയൽ**

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എച്ച്.എസ്. വാളവയൽ |
| മേൽവിലാസം | : വാളവയൽ പി ഒ വയനാട് (ജില്ല) -673596 |
| സ്കൂൾ കോഡ് | : 15078 |
| വിദ്യാഭ്യാസ ഉപജില്ല | : സുൽത്താൻ ബത്തേരി |
| വിദ്യാഭ്യാസ ജില്ല | :വയനാട് |
| ബി ആർ സി | : സുൽത്താൻ ബത്തേരി |
| ഗ്രാമപഞ്ചായത്ത് | : പൂതാടി |
| ബ്ലോക്ക് പഞ്ചായത്ത് | : പനമരം |
| ജില്ലാ പഞ്ചായത്ത് | : വയനാട് |
| നിയമസഭാമണ്ഡലം | : സുൽത്താൻ ബത്തേരി |
| ലോകസഭാ മണ്ഡലം | : വയനാട് |
| താലൂക്ക് | :സുൽത്താൻ ബത്തേരി |
| വില്ലേജ് | : ഇരുളം |
| ഇ-മെയിൽ വിലാസം | : ghsvalavayal@gmail.com |

# ആമുഖം

ഒരു വിദ്യാലയത്തിന്റെ സമഗ്ര വികാസത്തിന് ഭൗതീകവും അക്കാദമിക പരവുമായ കാര്യങ്ങളിൽ പുരോഗതി കൈവരിക്കേണ്ടതുണ്ട്. ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ട കടമ ഓരോ വിദ്യാലയത്തിനുമുണ്ട്. വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുന്നതോടൊപ്പം പഠനാന്തരീക്ഷം, പാഠ്യപദ്ധതിവിനിമയം, അധ്യാപകർ എന്നിവ ഗുണമേന്മയുള്ളതായിരിക്കേണ്ടതാവശ്യമാണ്. കൃത്യമായ ആസൂത്രണത്തോടെയുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കിയാൽ മാത്രമെ ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കു അതു കൊണ്ട് തന്നെ കൃത്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് .

ഒരോ വിദ്യാലയങ്ങളും പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയൊരുക്കുന്ന ഈ അക്കാദമിക് മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ പ്രൊജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ജി. എച്ച് .എസ് വാളവയൽ വിദ്യാലയത്തിൻെറ ലക്ഷ്യങ്ങൾ പൂർണമാകാൻ പ്രധാനധ്യാപകൻ, അധ്യാപകർ, രക്ഷിതാക്കൾ, പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, വിദ്യാഭ്യാസ വിദഗ്ധർ, വിദ്യാഭ്യാസ സമിതികൾ സമൂഹം എന്നിവരുടെ സഹായ സഹകരണങ്ങൾ അത്യാവശ്യമാണ്.

ഏവരുടെയും പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തു പകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക് മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

# വിദ്യാലയ ചരിത്രം

1980 ൽ വയനാട് ജില്ല രൂപീകൃതമാകുന്നതിന് മുമ്പ് കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്ന സുൽത്താൻബത്തേരി താലൂക്കിൽ പുതാടി പ്രദേശത്ത് 1962 ലാണ് ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത് അധികം താമസിയാതെ പഞ്ചായത്തിന്റെ ധനസഹായത്തോടെ വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കം നിന്നിരുന്ന പ്രദേശമായ വാളവയിൽ പള്ളിക്കുടം കുന്നിൽ 1966 സിപിഎൽപിഎസ് വാളവയൽ നാമധേയത്തിൽ ചന്തുക്കുട്ടി ചെട്ടിയാർ നൽകിയ ഒരേക്കർ 50 സെൻറ് സ്ഥലത്തെ എലമെൻററി സ്കൂളായി ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ ഏകാധ്യാപകനായ സുരേഷ് മാഷും വിവിധ പ്രായക്കാരായ 120 ഓളം കുട്ടികളുമായി സ്കൂൾ പ്രവർത്തനം ആരംഭിച്ചു പഴശ്ശി തമ്പുരാന്റെയും ടിപ്പുസുൽത്താന്റെയും പാദസ്പർശം ഏറ്റ ഈ മണ്ണ് ഏറെ ചരിത്രമുറങ്ങുന്ന പ്രദേശമാണ് നമ്പ്യാർ മണിയൻ കുടുംബങ്ങളുടെ കൈവശമുള്ള സ്ഥലങ്ങളായിരുന്ന ഈ പ്രദേശം ടിപ്പുവിൻ്റെ പടയോട്ടങ്ങൾക്ക് ശേഷം തെക്കൻ തിരുവിതാംകൂറിൽ നിന്നും മലബാറിലെ മറ്റു ജില്ലകളിൽ നിന്നുള്ള കുടിയേറ്റത്തിന് ചരിത്രമാണ് വളരുന്നത് ജനസംഖ്യയുടെ 50% തിരുവിതാംകൂറിലെ ഈഴവ സമുദായത്തിൽ പെട്ടവരാണ് ഇവരുടെ കൂട്ടായ്മ പ്രദേശത്തിന് വികസനത്തിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട് നിരവധി (0) വിഭാഗങ്ങളുടെ ആരാധനാലയങ്ങളാൽ അനുഗ്രഹീതമാണ് ഇവിടം, വിദ്യാഭ്യാസ തൽപര്യം ഭാവി തലമുറയുടെ അന്ത്യോദയകാംക്ഷികളുമായിരുന്നവരടെ മേൽനോട്ടത്തിൽ അന്നത്തെ പൂതാടി ഞ്ചായത്ത് പ്രസിഡൻറ് ബഹുമാനപ്പെട്ട ഗോപാലൻ നമ്പ്യാർ പ്രത്യേക താൽപര്യമെടുത്ത് പഞ്ചായത്തിന് ധനസഹായത്തോടെ പനമ്പും ഓലയും കൊണ്ട് പള്ളിക്കുടം കുന്നിൽ സ്ഥാപിച്ചതാണ് വാളവയൽ സ്കൂൾ. പള്ളിക്കുടം കുന്നിൽ നിന്ന് 1971 വാളവയൽ സ്കൂൾ നരസിപ്പുഴയുടെ തീരത്ത് പുൽപ്പള്ളി മീനങ്ങാടി പാതയോരത്ത് അടിച്ചാനയിൽ ഗോപാലൻ പക്കത്തി നിന്നും മാറ്റക്കച്ചവടത്തിൽ ഒരേക്കർ 60 സെൻറ് സ്ഥലത്തേക്ക് സ്കൂൾ മാറ്റി പണിതു. ഒരുകാലത്ത് 600 പണം വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഈ വിദ്യാലയത്തിന് ഒരുവേള അൺ എക്കണോമിക് പദവിയിലേക്ക്

താഴ്ത്തപ്പെടുകയുണ്ടായി അധ്യാപകൻ നാട്ടുകാരുടെയും കഠിന ഫലമായി വീണ്ടും വിദ്യാലയം അതിജീവനത്തിന്റെറെ പാതയിൽ തിരിച്ച് എത്തി 2009 ഇന്ത്യൻ പാർലമെന്റ് പാസാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിന് ചുവടുപിടിച്ച് 2011-12 കേരളത്തിൽ 60 ഹൈസ്കൂളിൽ ആരംഭിച്ചപ്പോൾ അതിലൊന്നായി പിപിഎഎൽപിഎസ് വാളവയലും അപ്ഗ്രേഡ് ചെയ്യാൻ കേരള ഗവൺമെന്റ് ഉത്തരവായി അങ്ങനെ ഞാൻ ഇന്ന് പഠിക്കുന്ന ഗവൺമെൻറ് ഹൈസ്കൂൾ വാളവയല് എന്ന വിദ്യാലയമായി മാറി.

# എൽ.പി. വിഭാഗം

## അക്കാദമിക നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം, സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള പരിശീലനം.
- വായനയെ പ്രോത്സാഹിപ്പിക്കുന്ന ' അമ്മവായന' വളരുന്ന വായന തുടങ്ങിയ പ്രവർത്തനങ്ങൾ.
- ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കുട്ടികൾക്ക് ശാസ്ത്രപരീക്ഷണങ്ങൾ .
- നേരിട്ടുള്ള അനുഭവത്തിലൂടെ പഠനനേട്ടങ്ങൾ കുട്ടികളിലെത്തിക്കാൻ ഫീൽഡ് ട്രിപ്പുകൾ, പ്രകൃതിനടത്തം എന്നിവ നടത്തുന്നു.
- പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടക്കുന്നു.
- സമകാലീന പൊതുവിജ്ഞ്ജ്ഞാന അറിവുകൾ നേടുന്നതിനായി ചോദ്യോത്തരപ്പെട്ടി' നടപ്പിലാക്കി വരുന്നു.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാ ശേഷി , ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് പൂർണ്ണമായും കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.
- മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ എല്ലാ കുട്ടികളെയും മുന്നോട്ട് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരി ക്കപ്പെടേണ്ടതുണ്ട് .
- എൽ. പി.ക്ക് പ്രത്യേകമായി കമ്പ്യൂട്ടർലാബ് സൗകര്യം ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കമ്പ്യൂട്ടറുകൾ ഇല്ല.
- ക്ലാസ് റൂമുകളിൽ (എൽ പി ) പ്രൊജക്ടറുകൾ ഇല്ലാത്തതിനാൽ ഐ.സി.ടി ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾക്ക് പ്രയാസം നേരിടുന്നു.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും പഠനശേഷികൾ അതാത് ക്ലാസിൽ നേടേണ്ട കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
- ആശയ പ്രകടനശേഷി കരമായ വർദ്ധിപ്പിക്കാൻ സഹായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- ഗണിതം, ശാസ്ത്ര വിഷയങ്ങൾ ആസ്വദിച്ച് പഠിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
- ജനാധിപത്യ ജീവിത സംസ്കാര വളർത്തിയെടുക്കുക.

* ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ  സംഘടിപ്പിക്കൽ,
* സ്കൂളിന്റെ ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ.
* പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ
* പാഠ്യപദ്ധതി വിനിമയം മെച്ചപ്പെടുത്തൽ
* ഭാഷ, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കൽ

## ഭാഷ

ലക്ഷ്യങ്ങൾ

*എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും  പ്രാപ്തരാക്കുക.

*കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

* സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

*ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

## ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന്   കുട്ടികളെ പ്രാപ്തരാക്കുക.

* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

* ക്ലാസ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിട ങ്ങളിൽ ലഘു ഇംഗ്ലീഷ്      പുസ്തകങ്ങൾ സജ്ജീകരിക്കുക.

# പരിസരപഠനം

ലക്ഷ്യങ്ങൾ

* ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

* ശാസ്ത്രക്രീയ മനോഭാവം വളർത്തുക

* ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക

*പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുക

# ഗണിതം

ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ ആർജിക്കുന്നതിന്.

*സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരും  നേടിയെടുക്കുക.

*ഗണിത പഠനത്തിൽ തല്പരരാക്കി ഗണിതം ആസ്വദിക്കുക

* കളികളിലൂടെയു. മറ്റും ഗണിതം ആസ്വദിച്ച പഠിക്കൽ

# ഹൈസ്കൂൾ വിഭാഗം

## അക്കാദമികം - നേട്ടങ്ങൾ

വയനാട് ജില്ലയിൽ  SSLC പരീക്ഷയിൽ തുടർച്ചയായി നൂറ് ശതമാനം വിജയം നേടുന്ന വിദ്യാലയ മായി മാറാൻ കഴിഞ്ഞു. NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക്  കുട്ടികളെ തയാറെടുപ്പിക്കാനും സ്കോളർഷിപ്പ് നേടുവാനും സാധിക്കുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധി പ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാ നുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. ലിറ്റിൽ കൈറ്റ്സ് , ജെ.ആർ. സി,  തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴി യുന്നു.

## അക്കാദമികം - പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും സയൻസ് ലാബ്, ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം ലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായില്ല.  പ്രവർത്തിച്ച് പഠിക്കു ക, അന്വേഷണാത്മകമായും നിരീക്ഷിച്ചും

പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേ ണ്ടതുണ്ട്.

ഐ.ടി.ലാബിലും കൂടുതൽ കമ്പ്യൂട്ടറു കൾ സ്ഥാപിച്ച് ഐ.ടി. പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട് .

## ഭൗതികം - നേട്ടങ്ങൾ

നിലവിൽ എല്ലാ ക്ലാസ്സ്മുറികളും പൂർണ്ണമായും ഹൈടെക് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ എല്ലാ ക്ലാസ്സ്മുറികളിലും ഗ്രീൻ ബോർഡുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്. പെൺകുട്ടികൾക്ക് ശാരീരകമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിശ്രമിക്കുന്നതിനാവശ്യമായ 'ഷീ റൂം ' ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോ ഗിച്ച് ഒരുക്കിയത് ഏറെ ഗുണം ചെയ്യുന്നു. 17 കമ്പ്യൂട്ടറുകളുള്ള H.S.ഐ.ടി.ലാബ് സ്കൂളിന്റെ മറ്റൊരു ഭൗതിക നേട്ടമാണ്.

ആയിരം പേർക്ക് ഇരിക്കാവുന്ന വിശാലമായ ഓപ്പൺ ഓഡിറ്റോറിയം മറ്റ് സ്കൂളുകൾക്ക് തന്നെ മാതൃകയാണ്. ഈ ഓഡിറ്റോറിയം പൂർണ്ണമായും ടൈൽ പാകി സജ്ജീകരിക്കാൻ കഴിഞ്ഞതും വലിയ മികവാണ്.

## ഭൗതികം - പരിമിതികൾ

സയൻസ് ലാബ്, ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം ലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായില്ല. പ്രവർത്തിച്ച് പഠിക്കു ക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേ ണ്ടതുണ്ട്. നിലവിൽ ലൈബ്രറി യിൽ തന്നെയുള്ള റീഡിംഗ് റൂം സൗകര്യം ഹൈസ്കൂൾ ക്ലാസിന് അടുത്തുള്ള മറ്റൊരു വിശാലമായ റൂമിലേക്ക് മാറ്റേ ണ്ടതുണ്ട്. ഇതിനായി പുതിയ റീഡിംഗ് റൂം പണിയണം. ഡിജിറ്റലൈസ്ഡ് ലൈബ്രറി. ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. ഇതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാവണം.കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന ആധു നിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുമുണ്ട്.ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യ മായ പരിശീലനം നൽകാൻ (ഉപകരണ സംഗീതമുൾപ്പെടെ) പ്രത്യേകം റൂം സൗകര്യമൊരുക്കണം. കളിസ്ഥലമുണ്ടെങ്കിലും ഇൻഡോർ സ്റ്റേഡിയം  ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണ്ണായക പങ്കുണ്ട്.

## സാമൂഹികം - നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂ ഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തു കയും സമൂഹത്തിൻ്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.

## സാമൂഹികം - പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊ ം പഠനസമയം കൂടുതൽ നഷ്ട പ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാ നുള്ള പരിമിതി ഉണ്ട്.

# പ്രവർത്തനങ്ങൾ – വിശദാംശങ്ങൾ

| ഇംഗ്ലീഷ് | | | | |
| --- | --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.ഇംഗ്ലീഷ് ക്ലബ്ബി ന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ ഇംഗ്ലീഷിൽ ഡിബേറ്റ്, സെമി നാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ.ആഴ്ചയിൽ ഒരു .ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല ആഴ്ച്ചയിൽ ഒരു ദിവസം | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| ഇംഗ്ലീഷ് തിയറ്റർ<br><br>ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് കഥ, കവിത രചനാ ക്യാമ്പ് ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ, പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങ ളിലേക്ക് മാറ്റി അവ തരണം. സ്കിറ്റ്. നാടകം. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, സെക്രട്ടറി | 2000/ പി.ടി.എ. പ്രാദേശിക സഹായം |

| മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | l'.പ്രീ ടെസ്റ്റ്<br>2 അക്ഷരം ഉറപ്പിക്കൽ<br>3.അടയാളം ഉറപ്പിക്കൽ<br>4 അക്ഷരക്കാർഡ്<br>5.വാക്കുകൾ എഴുതിയ കാർഡ്<br>6 ചിത്രം അടിക്കുറിപ്പ്<br>7.ചിത്രം കഥയെഴുത്ത് | | മലയാളം അധ്യാപിക | എസ് എം സി /പിടിഎ |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1 സ്കൂൾ ലൈബ്രറി നവീകരിക്കുക<br>2. ക്ലാസ് ലൈബ്രറി രൂപീകരിക്കുക<br>3. തൊട്ടടുത്തുള്ള ലൈബ്രറിയിൽ അംഗത്വം എടുക്കുക<br>4. വായനാദിനം<br>5. പത്ര വായന,<br>ക്വിസ്<br>7 പുസ്തക ചർച്ച<br>8 വായനാനുഭവം പങ്കുവെക്കൽ<br>9 .പതിപ്പ് നിർമ്മാണം അഭിമുഖം | | മലയാളം അധ്യാപിക | എസ് എം സി /പിടിഎ |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | എഴുത്തുകൂട്ടം രൂപീകരണം<br>.പുസ്തക ചർച്ച<br>വായനാക്കുറിപ്പ് , | | മലയാളം അധ്യാപിക | എസ് എം സി /പിടിഎ |

| | | | | |
|---|---|---|---|---|
| | **പതിപ്പ്**<br>**കയ്യെഴുത്തു മാസിക**<br>**സാഹിത്യകാരന്മാരുമായുള്ള അഭിമുഖം** | | | |
| **'സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക** | **1 പ്രസംഗ പരിശീലന കളരി**<br>**2 വിവിധ വിഷയങ്ങൾ കൊടുത്ത പ്രസംഗം തയ്യാറാക്കുക**<br>**3 ഓഡിയോ വീഡിയോ**<br>**4 വേദികൾ ഒരുക്കുക** | | **മലയാളം അധ്യാപിക** | **എസ് എം സി /പിടിഎ** |

| സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പരിസ്ഥിതിയെ കുറിച്ച് മനസ്സിലാക്കൽ, മഴപഠനം നടത്തുന്നതിനും, കാലാവസ്ഥാ വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിനുള്ള ശേഷി വികസിപ്പിക്കൽ | 1.കാലാവസ്ഥ ഉച്ചകോടി<br>പരിസ്ഥിതിയിൽ ഉണ്ടാവുന്ന മാറ്റത്തെപ്പറ്റിയും കാലാവസ്ഥ വ്യതിയാനത്തെ പറ്റിയും കൂടുതൽ അറിവ് കുട്ടികൾക്ക് ലഭിക്കുന്നതിന് കാലാവസ്ഥ ഉച്ചകോടി സംഘടിപ്പിക്കുന്നു.<br><br>2.മഴമാപിനി നിർമ്മാണം<br>ലളിതമായ രീതിയിൽ മഴമാപിനി നിർമ്മിക്കാനുള്ള പരിശീലനം എല്ലാ കുട്ടികൾക്കും നൽകുന്നു. | ജൂൺ ആദ്യവാരം | സോഷ്യൽ സയൻസ് അധ്യാപകർ എസ് എസ് ക്ലബ് | 1000 പിടിഎ |

| | | | | |
|---|---|---|---|---|
| കാലാവസ്ഥ ഉച്ചകോടി | 3. മഴയളവ്<br>നിർമ്മിച്ച മഴമാപിനി സ്കൂളിലും വീട്ടിലും സ്ഥാപിച്ച് മഴ അളന്ന് രേഖപ് | ജൂൺ | | |
| എല്ലാ കുട്ടികളിലും പത്രവായനാശീലം ഉറപ്പാക്കൽ,കുട്ടികളിൽ പൊതുവിജ്ഞാനംവളർത്തൽ | പത്രവാർത്ത ക്വിസ്<br>എല്ലാ വെള്ളിയാഴ്ചയും<br>പ്രത്യേക പൊതു വിജ്ഞാന മേഖലയുമായി ബന്ധപ്പെടുത്തിയുള്ള ക്വിസ് മത്സരം<br>ഓരോ<br>ആഴ്ചയിലും<br>അസംബ്ലിയിൽ വെച്ച്<br>പത്രവാർത്തയുമായി ബന്ധപ്പെടുത്തി ക്വിസ് മത്സരം | ജൂൺ മുതൽ ഡിസംബർ വരെ | സോഷ്യൽ സയൻസ് അധ്യാപകർ എസ് എസ് ക്ലബ് | 500 പിടിഎ |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക, എല്ലാ കുട്ടികളിലും അന്വേഷണ കൗതുകം നിരീക്ഷണ പാടവം തുടങ്ങിയ ശേഷികൾ വികസിപ്പിക്കൽ | ചരിത്രരേഖകൾ തേടി<br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br>എടക്കൽ ഗുഹ, അമ്പലവയൽ മ്യൂസിയം<br>പഴശ്ശിയുടെ മണ്ണിലേക്ക്<br>മാവിലാന്തോട് പഴയ ചരിത്ര സ്മാരക സന്ദർശനം<br>പാക്കംകേണി, പുഞ്ച വയൽ ജൈനക്ഷേത്രങ്ങൾ, | 2025-26 അധ്യയന വർഷം | സോഷ്യൽ സയൻസ് അധ്യാപകർ എസ് എസ് ക്ലബ്<br><br>എസ് എം സി / പിടിഎ | 15000 പിടിഎ കുട്ടികൾ |
| ഭൂപട രചന<br>ഭൂപട വിശകലനശേഷി വളർത്തൽ | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം<br>വാളവയൽപ്രദേശ ഭൂപടം തയ്യാറാക്കുന്നു സവിശേഷതകൾ അടയാളപ്പെടുത്തുന്നു | ആഗസ്റ്റ് മാസം | സോഷ്യൽ സയൻസ് അധ്യാപകർ എസ് എസ് ക്ലബ് | പിടിഎ |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ സാമാന്യ നിയമങ്ങൾ അവകാശങ്ങൾ, കടമകൾ തുടങ്ങിയവയെ കുറിച്ച് ധാരണ രൂപീകരിക്കൽ | സെമിനാർ-നിയമപഠനം വക്കീലിന്റെ സഹായത്തോടെ സെമിനാർ സംഘടിപ്പിക്കൽ പാനൽ ചർച്ച -കുട്ടികളിൽ അവകാശങ്ങളെ പറ്റി ധാരണ രൂപീകരിക്കാൻ പാനൽ ചർച്ച നടത്തുന്നു | ജനവരി | സോഷ്യൽ സയൻസ് അധ്യാപകർ എസ് എസ് ക്ലബ് | |

| ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ലാബ് പ്രവർത്തനം | ഓരോ ക്ലാസിലും നടത്തേണ്ട പരീക്ഷണങ്ങൾ പട്ടികപ്പെടുത്തി ആവശ്യമായ സജ്ജീകരണങ്ങൾ ലാബിൽ നടപ്പിലാക്കുന്നു | | വിഷയ അധ്യാപകൻ | |
| ശാസ്ത്ര ദിനാചരണങ്ങൾ | ചാന്ദ്രദിനം, ശാസ്ത്ര ദിനം<br>ക്വിസ് മത്സരങ്ങൾ പോസ്റ്റർ നിർമ്മാണം | | അധ്യാപകൻ | |
| ശാസ്ത്രമേളകൾ | ശാസ്ത്രമേളയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി പരീക്ഷണങ്ങൾ ,സ്റ്റിൽ മോഡൽ ,വർക്കിംഗ് മോഡൽ തുടങ്ങിയവ ഉൾപ്പെടുത്തി എക്സിബിഷൻ സംഘടിപ്പിക്കുന്നു | | വിഷയ അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുക | സമഗ്ര റിസോഴ്സ് മറ്റ് ഐസിടി ഉപയോഗപ്പെടുത്തി പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുന്നു | | അധ്യാപകൻ | |
| ഊർജ്ജ സംരക്ഷണം | ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്ന ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. ഡോക്യുമെൻററികൾ ,വീഡിയോകൾ പ്രദർശിപ്പിക്കുന്നു | | വിഷയ അധ്യാപകൻ | |
| ജീവശാസ്ത്ര പഠനം കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക പരിസ്ഥിതി പഠനത്തിലൂടെ സ്വാഭാവിക ചുറ്റുപാടിനെ അറിയുക. | ശാസ്ത്രപ്രതിഭകളെ കുറിച്ചുള്ള ചർച്ചകൾ പാഠഭാഗങ്ങൾ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തുന്ന സെമിനാറുകൾ പ്രോജക്ട് ശാസ്ത്രപുസ്തക വായന ശാസ്ത്ര ദിനാചരണങ്ങൾ<br>വിഷയ അധ്യാപകൻ | | അധ്യാപകൻ | |
| ലാബ് പ്രവർത്തനം | മൈക്രോസ്കോപ്പ് ഉപയോഗിക്കാനുള്ള ശേഷി നേടൽ പരീക്ഷണങ്ങൾ നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു | | വിഷയ അധ്യാപകൻ | |
| ശാസ്ത്രമേള, ശാസ്ത്ര മാഗസിൻ | ശാസ്ത്രമേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക പ്രോജക്ട് തയ്യാറാക്കുക ശാസ്ത്ര ലേഖനങ്ങൾ കണ്ടുപിടുത്തങ്ങൾ പരീക്ഷണങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി കുട്ടികൾ തയ്യാറാകുന്നു | | അധ്യാപകൻ | |
| ആധുനിക | സമഗ്ര റിസോഴ്സ് ഉപയോഗപ്പെടുത്തുക പാഠഭാഗവുമായി | | വിഷയ | |

| | | | | |
|---|---|---|---|---|
| സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുക | ബന്ധപ്പെട്ട വീഡിയോ പ്രദർശനം | | അധ്യാപകൻ | |

| ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. എല്ലാ കുട്ടി കൾക്കും മാതൃ ഭാഷ കൈകാ ര്യം ചെയ്യുന്നതു പോലെ ഹിന്ദി എഴുതാ നം വായിക്കാ നമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനു ള്ള സൗകര്യം ഒരു ക്കുക.<br>2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തക പ എത്തിച്ച് ഹിപ്പിക്കുക.<br>3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെ ടുത്തുകയും ആക ർഷകമാക്കുകയും ചെയ്യുക.<br>4). ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി ത്തുക<br>5).ഹിന്ദി നാടകം നടത്തുക.<br>6). കുട്ടികളെ കൊ ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കു<br>7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക | 2 മാസം | ഹിന്ദി ടീച്ചർ | |

| ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. അടിസ്ഥാന ആശയ ധാരണ ഉറപ്പാക്കൽ | എല്ലാ ക്ലാസിലും പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ ലിസ്റ്റ് തയാറാക്കുക. മുന്നോക്കം നിൽക്കുന്ന കുട്ടികളെ ഉപയോഗിച്ച് മാത്സ് ക്ലിനിക്ക് നടത്തുക. | 02.06.2025 – 05.06.2025 | അധ്യാപകൻ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ. | സാമ്പത്തികം ആവശ്യമില്ല . |
| 2. ജ്യാമിതീയ രൂപങ്ങൾ വരക്കാനുള്ള ശേഷി ഉറപ്പാക്കൽ | ഓരോ ക്ലാസിലേക്കും ആവശ്യമായി വരാവുന്ന ജ്യാമിതീയ നിർമിതികളുടെ മുന്നറിവുകൾക്കനുസരിച്ച് ജ്യാമിതി പ്പെട്ടിയിലെ ഉപകരണങ്ങൾ കൃത്യമായി ഉപയോഗിക്കാൻ ഉള്ള പരിശീലനം | 04.06.2025 – 11.06.2025 | അധ്യാപകൻ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | 1000 |
| 3. ഗണിത പഠനം നിത്യ ജീവിതത്തിൽ ആവശ്യമായി വരുന്ന സന്ദർഭങ്ങൾ തിരിച്ചറിയൽ | വാളവയൽ പ്രദേശത്തെ പ്രധാന നിർമിതികൾ ( കെട്ടിടം, പാലം, ടവർ, റോഡുകൾ തുടങ്ങിയവ), മൊബൈൽ, കമ്പ്യൂട്ടർ തുടങ്ങിയ മേഖലകളിൽ ഗണിതം ഉപയോഗിക്കുന്ന രീതികൾ ബോധ്യപ്പെടുത്തുന്നു.<br>ഫീൽഡ് ട്രിപ്പ്. | ഓരോ ടേമിലും ഒന്ന് എന്ന നിലയിൽ മൂന്ന് ഘട്ടമായി | അധ്യാപകർ പി ടി എ | 1000 |
| 4. ഗണിത പഠനത്തെ | ശിൽപശാല | ശനിയാഴ്ച | അധ്യാപകൻ, | |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ ഭാവന ഉപയോഗിച്ച് വിദ്യാലയത്തിനും സമൂഹത്തിനും ഉപയോഗപ്രഥമായ ഉൽപ്പന്ന നിർമാണം. | വിദ്യാലയത്തിൻ്റെ പ്ലാൻ വരക്കൽ, വിദ്യാലയത്തിൻ്റെ ഗ്രൗണ്ടിനെയും പരിസരത്തെയും മനോഹരമാക്കാൻ ശാസ്ത്രീയമായ നിർദേശങ്ങൾ തയാറാക്കൽ. | കൾ | പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ | പി.ടി.എ |
| 5. ഗണിതശാസ്ത്ര മേളകളിലെ പ്രാതിനിധ്യം കുട്ടികളിൽ താൽപര്യം ജനിപ്പിക്കൽ. | ശിൽപശാല, ഗണിത ക്ലബ് പ്രവർത്തനം ഊർജസ്വലമാക്കി പരിശീലനം നൽകുക. | മാസത്തിൽ ഒന്ന് | ക്ലബ് കൺവീനർ, അധ്യാപകൻ | പി.ടി.എ |
| 6. ഗണിത ലാബ് നിർമാണം. | ശിൽപശാല സംഘടിപ്പിച്ച് ലാബ് പ്രവർത്തനങ്ങൾക്കാവശ്യമായ ഉൽപന്നങ്ങൾ നിർമിക്കുന്നു. നിലവിൽ ഉള്ള ഉപകരണങ്ങൾ ഉപയോഗപ്രഥമാക്കാനുള്ള സജ്ജീകരണം നടത്തുന്നു. പിടിഎ യുടെ സഹായത്തോടെ ഉപകരണങ്ങൾ വാങ്ങുന്നു | ആഗസ്റ്റ് സെപ്റ്റംബർ | അധ്യാപകർ, പൂർവ വിദ്യാർത്ഥികൾ | പി.ടി.എ 10000 |